KELTRON TOOLROOM RESEARCH &TRAINING CENTRE
Keltron Complex, Aroor, Alappuzha-688 534, Kerala, India
Ph: ++91-478- 2871405, 2871406,
E-mail: keltrac@gmail.com

# ടെൻഡർ നോട്ടീസ്

KTR/NTC/HK-01/2024 11/09/2024

## കെൽട്രാക്ക് ഹൗസ് കീപ്പിങ്ങ് ടെണ്ടർ -2024

കെൽട്രാക്കിലെ മെഷ്യൻ ഷോപ്പ്, ക്ലാസ്സ് മുറികൾ, ഓഫീസ് മുറികൾ ടോയ്ലറ്റുകൾ, സ്ഥാപനത്തിന്റെ/കെട്ടിടത്തിന്റെ പരിസരം മുതലായവ വൃത്തിയാക്കുന്നതിനും, ചെടികൾ നനയ്ക്കുന്നതിനും, മെഷ്യൻ ഷോപ്പിലെ ചിപ്പുകൾ യഥാ സമയം ചിപ്പ് യാർഡിലേക്ക് മാറ്റുന്നതിനും, കുടിവെള്ളം വെയ്ക്കുന്നതിനും, ഒരു വർഷത്തെ കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ താല്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ നൽകുന്നവർ നിരതദ്രവ്യം **Rs. 3,000/-** ( മൂവായിരം രൂപ) കെൽട്രാക്ക് ഓഫീസിൽ അടച്ചു ടോക്കൺ വാങ്ങേണ്ടതാണ്.

ക്വട്ടേഷൻ നൽകുന്നതിനുള്ള അവസാന തീയതി **26/09/2024** രണ്ട് മണിവരെ മാത്രമാണ്. അന്നേ ദിവസം 3 മണിക്ക് ടെൻഡർ തുറക്കുന്നതായിരിക്കും

വിശദവിവരങ്ങൾ 9447481405 എന്ന നമ്പറിൽ / കെൽട്രാക്ക് വെബ്സൈറ്റ് **(www.keltrac.in)** -ൽ ലഭ്യമാണ്

ക്വട്ടേഷൻ ഫോമിന് കെൽട്രാക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ടെൻഡർ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം ഡയറക്ടർ കെൽട്രാക്കിൽ നിക്ഷിപ്തമാണ്.

**DIRECTOR**

**KELTRAC – Aroor.**

KELTRAC

# KELTRON TOOLROOM RESEARCH &TRAINING CENTRE

Keltron Complex, Aroor, Alappuzha-688 534, Kerala, India
Ph: ++91-478- 2871405, 2871406, Fax: (0478) 2871405
E-mail: keltrac@gmail.com

## Housekeeping Tender - 2024

### പ്രധാന ജോലിവിവരം

1.കെൽട്രാക്ക് മെയിൻ ഓഫീസ്, ഡയറക്ടർ ഓഫീസ് വരാന്തകൾ, സ്റ്റെപ്പുകൾ, ലൈബ്രറി, കൾച്ചറൽ റൂം, ട്രെയിനിങ്ങ് സ്റ്റാഫ് റൂം, പ്രിൻസിപ്പൽ ഓഫീസ്, മെയിൻ സ്റ്റോർ,ബോണ്ടട് സ്റ്റോർ, ഫിനിഷ്ഡ് ഗുഡ്സ് സ്റ്റോർ, വർക്ക് ഷോപ്പ്, കാലിബ്രേഷൻ റൂം, പ്ലാനിംഗ് റൂം, സി.എൻ.സി റൂം, ക്യൂ.എ റൂം, സി.എൻ.സി ലാബ്, വിശ്രമ മുറി, ക്ലാസ്സ് റൂമുകൾ, ഡ്രോയിംഗ് ഹാൾ, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്ഥാപനത്തിന്റെ മറ്റു പരിസരങ്ങൾ മുതലായവ എല്ലാ ദിവസവും അടിച്ചുവൃത്തിയാക്കി മാലിന്യങ്ങൾ യഥാസ്ഥാനത്ത് സംസ്കരിക്കുകയും ചെയ്യണം

2..കെൽട്രാക്ക് മെയിൻ ഓഫീസിലെ 3 ടോയ്‌ലറ്റുകൾ,വർക്ക് ഷോപ്പ്,ട്രെയിനിങ്ങ് സെന്ററിലെ 3 ടോയ്‌ലറ്റുകൾ എന്നിവ എല്ലാ ദിവസവും കഴുകി വൃത്തിയാക്കുകയും വെയ്സ്റ്റ് ലൈനിലോ ടോയ്‌ലറ്റിലോ വരുന്ന ബ്ലോക്കുകൾ അതാതു ദിവസം തന്നെ മാറ്റേണ്ടതുമാണ്.

3. കെൽട്രാക്ക് മെയിൻ ഓഫീസ്, ഡയറക്ടർ ഓഫീസ് പ്രിൻസിപ്പൽ ഓഫീസ്, പ്ലാനിംഗ് റൂം, സി.എൻ.സി റൂം, ക്യൂ.എ റൂം, സി.എൻ.സി ലാബ്, ക്ലാസ്സ് റൂമുകൾ, ഡ്രോയിംഗ് ഹാൾ, കമ്പ്യൂട്ടർ ലാബ്, എന്നിവ ഇടവിട്ട ദിവസങ്ങളിൽ നനച്ചുതുടക്കേണ്ടതാണ്

4. ലൈബ്രറി, കൾച്ചറൽ റൂം, വിശ്രമ മുറി, സയൻസ് ലാബ്, എന്നിവ ആഴ്ചയിലൊരിക്കൽ നനച്ചുതുടക്കേണ്ടതാണ്.

5. കെൽട്രാക്കിലെ എല്ലാ മുറികളിലേയും വർക്ക് .ഷോപ്പിലെയും മാറാല രണ്ടാഴ്ചയിലൊരിക്കൽ എടുക്കേണ്ടതാണ്.

6.ജനലുകൾ, ഗ്ലാസുകൾ, കസേരകൾ, മേശകൾ, ഷോകെയ്സുകൾ എന്നിവയിലെ പൊടി രണ്ടാഴ്ചയിലൊരിക്കൽ തുടക്കേണ്ടതാണ്.

7. കെൽട്രാക്ക് മെയിൻ ഓഫീസ്, വർക്ക് ഷോപ്പ്, സി.എൻ.സി റൂം, ക്ലാസ്സ് റൂമുകൾ എന്നിവിടങ്ങളിൽ ദിവസവും പാത്രങ്ങൾ വൃത്തിയായി കഴുകി കുടിവെള്ളം നിറച്ചുവെയ്ക്കേണ്ടതാണ്.

8. മെഷ്യൻ ഷോപ്പിലെ ചിപ്പുകൾ എല്ലാ ദിവസവും തരം തിരിച്ച് ചിപ്പ് യാർഡിലേക്ക് മാറ്റേണ്ടതാണ്.

9. ഇടവിട്ട ദിവസങ്ങളിൽ കെൽട്രാക്ക് മെയിൻ ഓഫീസ്, വർക്ക്ഷോപ്പ്, പരിസരങ്ങൾ അടിച്ചുവൃത്തിയാക്കുകയും ചെടികൾ നനയ്ക്കുകയും ചെയ്യേണ്ടതാണ്

10. കെൽട്രാക്കിൽ ആവശ്യമായി വരുന്ന പക്ഷം (കമ്പനി ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശപ്രകാരം) Tea / Snacks, സജ്ജീകരണങ്ങൾ ചെയ്തു നൽകേണ്ടതാണ്.

11. മറ്റു പ്രത്യേക സന്ദർഭങ്ങളിൽ സ്ഥാപനത്തിന്റെ ആവശ്യാനുസരണം സമാന സ്വഭാവമുള്ള ജോലികൾ ചെയ്യേണ്ടതാണ്.

**KELTRON TOOLROOM RESEARCH &TRAINING CENTRE**
Keltron Complex, Aroor, Alappuzha-688 534, Kerala, India
Ph: ++91-478- 2871405, 2871406, Fax: (0478) 2871405
E-mail: keltrac@gmail.com

<u>നിബന്ധനകൾ</u>

1.മേൽപ്പറഞ്ഞ ജോലികൾ എല്ലാവിധ ക്ലീനിങ് ഉപകരണങ്ങളും ക്ലീനിങ് മെറ്റീരിയലുകളും സഹിതം കോൺട്രാക്ടറുടെ ഉത്തരവാദിത്തത്തിൽ പൂർത്തീകരിക്കേണ്ടതാണ്.

2. കോൺട്രാക്ട് എടുക്കുന്നയാൾ കമ്പനിയുടെ എല്ലാ പ്രവർത്തി ദിനങ്ങളിലും മേൽ പറഞ്ഞ ചുമതലകൾ രണ്ടു ജീവനക്കാരെ ഏർപ്പെടുത്തി തൃപ്തികരമായി പൂർത്തിയാക്കി അതാത് സ്ഥലത്തെ ഉദ്യോഗസ്ഥരുടെ അംഗികാരം വാങ്ങേണ്ടതാണ്.

3.60 വയസ്സിനു മുകളിലുള്ള ജീവനക്കാരെ പ്രസ്തുത ജോലികൾക്കായി കോൺട്രാക്ടർ ഏർപെടുത്തുവാൻ പാടുള്ളതല്ല.

3.പ്രവർത്തി സമയങ്ങളിൽ രാവിലെ **8.30** മുതൽ വൈകുന്നേരം **4.30** വരെ ഈ ജോലിക്കാർ കെൽട്രാക്കിൽ ഹാജരായി മേൽ പറഞ്ഞ ജോലികൾ മുടക്കംവരുത്താതെ നിർവ്വഹിക്കേണ്ടതാണ്. ഇതിൽ എന്തെങ്കിലും വീഴ്ച്ച വരുന്നപക്ഷം കോൺട്രാക്ടറുടെ ബില്ലിൽ നിന്നും നഷ്ടം ഈടാക്കുന്നതാണ്.

4.ഗവർമെന്റ് സ്റ്റാട്ട്യൂട്ടറി നിബന്ധനകൾ കോൺട്രാക്ടർ പാലിക്കുകയും കെൽട്രാക്കിനെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഡയറക്ടർ